2026
July
22
WEDNESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# എൽപിജിക്ക് പകരം എഥനോൾ: പദ്ധതിയുമായി കേന്ദ്രം

**ന്യൂഡൽഹി:**എൽപിജിക്ക് പകരം അടുക്കളയിൽ എഥനോൾ ഉപയോഗിക്കാൻ കേന്ദ്ര പെട്രോളിയം മന്ത്രാലയം പദ്ധതി തയ്യാറാക്കുന്നു. എൽപിജി ഇറക്കുമതി കുറയ്ക്കുന്നതിനും രാജ്യത്തെ എഥ്നോൾ ഉത്പാദനം ഫലപ്രദമായി വിനിയോഗിക്കുന്നതിനുമാണ് ഈ നീക്കം. വിതരണ ശൃംഖല ശക്തമാക്കുന്നതിനും എഥ്നോൾ ഉപയോഗിക്കാവുന്ന സ്റ്റൗ വ്യാപകമാക്കുന്നതിനും സർക്കാർ പദ്ധതിയിടുന്നുണ്ട്. സെപ്റ്റംബറോടെ ഇതുസംബന്ധിച്ച് നയം രൂപപ്പെടുത്താനാണ് ആലോചിക്കുന്നത്. എഥ്നോൾ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് സബ്സിഡിയോ മറ്റ് സാമ്പത്തിക ആനുകൂല്യങ്ങളോ സർക്കാർ പ്രഖ്യാപിച്ചേക്കും.



അധികംവരുന്ന 700 കോടി ലിറ്റർ എഥ്നോൾ പാചക ഇന്ധനമായി ഉപയോഗിക്കാനാണ് സർക്കാർ പദ്ധതി. നേപ്പാൾ, ബംഗ്ലാദേശ്, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങളിലേക്ക് എഥ്നോൾ കയറ്റുമതി ചെയ്യാനുള്ള സാധ്യതയും പരിശോധിക്കുന്നുണ്ട്. എഥനോൾ പാചക ഇന്ധനമാക്കുന്നതിന് ആവശ്യമായ സാങ്കേതിക വിദ്യ വികസിപ്പിക്കാൻ എണ്ണക്കമ്പനികൾക്ക് നിർദേശം നൽകിയിട്ടുണ്ട്. എഥനോൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന പാചക സ്റ്റൗവുകൾ നിലവിൽ പരീക്ഷണഘട്ടത്തിലാണ്. നിലവിലുള്ള സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിനോ പുതിയ പങ്കാളിത്തത്തിൽ ഏർപ്പെടാനോ എണ്ണക്കമ്പനികൾ ആലോചിക്കുന്നു.

ഉപഭോക്താക്കൾക്ക് എളുപ്പത്തിൽ ഇന്ധനം ലഭ്യമാക്കാൻ പെട്രോൾ പമ്പുകളിൽ എഥനോൾ എടിഎമ്മുകൾ സ്ഥാപിച്ചേക്കാം. കാനുകൾ വഴി ഉപഭോക്താക്കൾക്ക് ഇതിൽനിന്ന് ഇന്ധനം ശേഖരിക്കാം. എൽപിജിക്ക് സമാനമായ രീതിയിൽ വിതരണ ശൃംഖലയുണ്ടാക്കാനുള്ള പദ്ധതിയുമുണ്ട്. ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സസ്റ്റൈനബിൾ ഡെവലപ്മെന്റിന്റെ (IISD) റിപ്പോർട്ട് പ്രകാരം ബയോഗ്യാസിലേക്കും എഥനോളിലേക്കും മാറുന്നത് വഴി 2050ഓടെ ഇന്ത്യയ്ക്ക് 2 ലക്ഷം കോടി രൂപയിലധികം (24 ബില്യൺ ഡോളർ) എൽപിജി സബ്സിഡി ഇനത്തിൽ ലാഭിക്കാൻ സാധിക്കും. എൽപിജി ഇറക്കുമതിക്കായി ചെലവാക്കുന്ന വൻ തുക ലാഭിക്കാൻ സഹായിക്കും.

ഇറാൻ-ഇസ്രായേൽ സംഘർഷം പോലുള്ള സാഹചര്യങ്ങൾ എൽപിജി വിതരണത്തെ ബാധിക്കുന്നത് കണക്കിലെടുത്ത് 30 ദിവസത്തെ തന്ത്രപ്രധാനമായ എൽപിജി സ്റ്റോറേജ് പ്ലാനും എണ്ണക്കമ്പനികൾ തയ്യാറാക്കുന്നുണ്ട്. ഊർജ ഇറക്കുമതി ഭാരം കുറയ്ക്കുന്നതിനും കർഷകർക്കും വ്യവസായങ്ങൾക്കും ഗുണകരമാകുന്ന രീതിയിൽ അധിക എഥനോൾ പ്രയോജനപ്പെടുത്തുന്നതിനും പാചക ഇന്ധന രംഗത്തെ മാറ്റം നിർണായകമാകും. ആഭ്യന്തരമായി ഉത്പാദിപ്പിക്കാൻ കഴിയുന്ന ക്ലീൻ ഇന്ധനമെന്ന നിലയിൽ എഥനോൾ അടുക്കളകളിലെ അവിഭാജ്യ ഘടകമായി മാറിയേക്കാം.



# അടിസ്ഥാന വികസന മേഖലകളുടെ ഉത്പാദനം ജൂണിൽ ഉയർന്നു

**ന്യൂഡൽഹി:** ഇന്ത്യയുടെ ഒൻപത് അടിസ്ഥാന വികസന മേഖലകളുടെ ഉത്പാദനം ജൂണിൽ അഞ്ച് മാസത്തെ ഉയർന്ന നിരക്കിൽ.

സിമൻറ്, വൈദ്യുതി, ഇരുമ്പയിര് എന്നിവയുടെ ഉത്പാദനം ഉയർന്നതോടെയാണ് അടിസ്ഥാനവികസന മേഖലകളുടെ ഉത്പാദനവളർച്ച ജൂണിൽ അഞ്ച് മാസത്തെ ഉയർന്ന നിരക്കായ അഞ്ചു ശതമാനത്തിലെത്തിയത്. മുൻവർഷം ജൂണിൽ ഇത് 1.1 ശതമാനവും മുൻമാസം മേയിൽ 3.2 ശതമാനവുമായിരുന്നു.

പുറത്തുവിട്ട വിവരങ്ങൾ 2022-23നെ പുതിയ അടിസ്ഥാനവർഷമാക്കിയുള്ളതാണ്. മുൻപ് 2011 - 12 ആയിരുന്നു അടിസ്ഥാന വർഷം. കൂടാതെ, ഇൻഡക്സിലേക്ക് ഇരുമ്പയിര് കൂടി ഉൾപ്പെടുത്തിയതോടെ അടിസ്ഥാന മേഖലകളുടെ എണ്ണം ഒൻപതായി ഉയർന്നു. മുന്പ് അസംസ്കൃത എണ്ണ, പെട്രോളിയം റിഫൈനറി, സിമൻറ്, വൈദ്യുതി, പ്രകൃതിവാതകം, വളം, ഫിനിഷ്ഡ് സ്റ്റീൽ, കൽക്കരി എന്ന് പ്രധാന എട്ട് പ്രധാന മേഖലകളുടെ പ്രകടനമാണ് സർക്കാർ പ്രതിമാസ അടിസ്ഥാനത്തിൽ വിലയിരുത്തിയത്.

വ്യവസായ, അടിസ്ഥാനസൗകര്യ വികസനത്തിന്റെ പ്രധാന സൂചകമായി കോർ സെക്ടർ സൂചിക ഉപയോഗിക്കുന്നതിനാൽ ഈ പരിഷ്കാരം വളരെ പ്രധാനപ്പെട്ടതാണ്. ഉത്പാദനത്തിന്റെ നിലവിലെ ഘടന കൂടുതൽ കൃത്യമായി പ്രതിഫലിപ്പിക്കാൻ പുതിയ അടിസ്ഥാനവർഷം നിശ്ചയിച്ചിരിക്കുന്നത്. ഇരുമ്പയിര് ഉൾപ്പെടുത്തിയത് സൂചികയുടെ വ്യാപ്തി വർധിപ്പിക്കുന്നു.

# ഇന്റർനെറ്റില്ലെങ്കിലും യുപിഐ ഇടപാട് നടത്താം

**ന്യൂഡൽഹി:** ഇന്റർനെറ്റ് ഇല്ലാതെയും യുപിഐ ഇടപാട് നടത്താൻ കഴിയുന്ന ടാപ് ആൻഡ് പേ സംവിധാനം ഇന്ത്യയിലേക്കും. ഫോണും പിഒഎസ് മെഷീനും ഓഫ് ലൈനിൽ ആണെങ്കിൽ പോലും പണമിടപാട് നടത്താവുന്ന സംവിധാനമാണിത്. നിയർ ഫീൽഡ്



കമ്യൂണിക്കേഷൻ (എൻഎഫ്സി) സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. ഡെബിറ്റ്, ക്രെഡിറ്റ് കാർഡുകളിലെ ടാപ് ആൻഡ് പേ സംവിധാനത്തിനു സമാനമായിരിക്കും ഇതും.

ഓഫ് ലൈനിലുള്ള ടാപ് ആൻഡ് പേ സംവിധാനം വഴി 2000 രൂപയുടെ ഇടപാട് വരെ നടത്താം. അതിനായി ഇൻറർനെറ്റ് കണക്ഷനുള്ള സമയത്ത് യുപിഐ ലൈറ്റ് വാലറ്റിൽ പണം നിറയ്ക്കണം. പിന്നീട് ഫോണിലും പിഒഎസിലും നെറ്റ് ഇല്ലാത്തപ്പോഴും പണമിടപാട് നടത്താൻ കഴിയും.

യുപിഐ ലൈറ്റ് വാലറ്റിൽ നിന്ന് പണം വരുന്നതിനാൽ യുപിഐ പിൻ ഉപയോഗിക്കേണ്ടതായും വരില്ല. വിമാനങ്ങൾ, ഭൂഗർഭ മെട്രൊ സ്റ്റേഷനുകൾ, ഗ്രാമങ്ങൾ, കൂറ്റൻ കെട്ടിടങ്ങൾ തുടങ്ങി നെറ്റ് വർക്ക് ഇല്ലാത്ത സ്ഥലങ്ങളിലെല്ലാം ഈ സംവിധാനം ഗുണപ്രദമായിരിക്കും.






# കുസാറ്റ്: റിയൽ ടൈം അഡ്മിഷൻ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ വിവിധ വകുപ്പുകളിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ നടത്തുന്നു.

### കുഞ്ഞാലി മരക്കാർ സ്കൂൾ ഓഫ് മറൈൻ എൻജിനീയറിങ് (കെ.എം.എസ്.എം.ഇ)

ബി.ടെക്ക് മറൈൻ എൻജിനീയറിങ് പ്രോഗ്രാമിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 21ന് രാവിലെ 9 മണിക്ക് കെ.എം.എസ്.എം.ഇ യിൽ നടക്കും. ഫോൺ: 04842576606

### ഫിസിക്കൽ ഓഷ്യാനോഗ്രഫി വകുപ്പ്

എം.എസ്.സി ഓഷ്യാനോഗ്രഫി പ്രോഗ്രാമിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 22ന് രാവിലെ 11 മണിക്ക് കുസാറ്റ് ലേക്സൈഡ് ക്യാമ്പസിലെ ഫിസിക്കൽ ഓഷ്യനോഗ്രഫി വകുപ്പിൽ നടക്കും. ഫോൺ: 04842863118, 8281602950

### ഹിന്ദി വകുപ്പ്

എം. വത്സര ഇന്റഗ്രേറ്റഡ് എം.എസ്.സി ഇൻ കമ്പ്യൂട്ടർ സയൻസ് (ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് ഡാറ്റാ സയൻസ്) പ്രോഗ്രാമിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 22ണ് രാവിലെ 10 മണിക്ക് കമ്പ്യൂട്ടർ സയൻസ് വകുപ്പിൽ നടക്കും. ഫോൺ: 04842862301.

### സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ്

എം.എസ്.സി ഫോറൻസിക് സയൻസ് പ്രോഗ്രാമിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 24ന് രാവിലെ 10 മണിക്ക് സ്കൂൾ ഓഫ് എന്വയോണ്മെന്റിട്ടാൽ സ്റ്റഡീസിൽ നടക്കും. ഫോൺ: 04842862551

### സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്

പഞ്ചവത്സര ബി.ബി.എ എൽ.എൽ.ബി (ഹോണേഴ്സ്), പഞ്ചവത്സര ബി.കോം എൽ.എൽ.ബി (ഹോണേഴ്സ്) പ്രോഗ്രാമുകളിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 23ന് രാവിലെ 9 മണിക്ക് നടക്കും. ഫോൺ: 04842862481

### ഇന്റർനാഷണൽ സ്കൂൾ ഓഫ് ഫോട്ടോണിക്സ്

എം.ടെക്ക് ഒപ്റ്റോഇലക്ട്രോണിക്സ് ആൻഡ് ലേസർ ടെക്നോളജി എന്ന പ്രോഗ്രാമിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 24ന് രാവിലെ 10 മണിക്ക് നടക്കും. ഫോൺ: 04842862411

### ദീൻ ദയാൽ ഉപാദ്ധ്യായ കാദൽ കേന്ദ്ര (ഡി.ഡി.യു.കെ.കെ)

എം.വോക് ഇൻ സോഫ്റ്റ്വെയർ ആപ്ലിക്കേഷൻ ഡവലപ്മെന്റ്, എം.വോക് ബാങ്കിങ് ആൻഡ് ഫിനാൻസ് എന്നീ പ്രോഗ്രാമുകളിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 23ന് രാവിലെ 10 മണിക്ക് നടക്കും. ഫോൺ: 04842862839

### കെമിക്കൽ ഓഷ്യാനോഗ്രഫി വകുപ്പ്

എം.എസ്.സി ഹൈഡ്രോകെമിസ്ട്രി പ്രോഗ്രാമിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 22ന് രാവിലെ 10 മണിക്ക് നടക്കും. ഫോൺ: 04842863403. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## സി.ഐ.എ.എസ്.എൽ അക്കാദമിയിൽ ബിബിഎ ഓണേഴ്സ് ഇൻ ഏവിയേഷൻ മാനേജ്മെന്റ് കോഴ്സിന് ഇനി ഏതാനും സീറ്റുകൾ കൂടി മാത്രം

**കൊച്ചി:** കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ (സിയാൽ) ഉപസ്ഥാപനമായ സി.ഐ.എ.എസ്.എൽ അക്കാദമിയിൽ നാല് വർഷത്തെ ബിബിഎ ഓണേഴ്സ് ഇൻ ഏവിയേഷൻ മാനേജ്മെന്റ് കോഴ്സിലേക്ക് ഇനി ഏതാനും സീറ്റുകൾ കൂടി അവശേഷിക്കുന്നു. ആഗസ്റ്റ് ആദ്യവാരം ക്ലാസുകൾ ആരംഭിക്കും.

ഈ നാല് വർഷ ഓണേഴ്സ് കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ പ്രീമിയം ബിരുദ സർട്ടിഫിക്കറ്റാണ് ലഭിക്കുന്നത്. എ.ഐ.സി.ടി.ഇ അംഗീകാരത്തിന് പുറമെ, വ്യോമയാന രംഗത്തെ അന്താരാഷ്ട്ര സംഘടനകളായ അയാട്ട, എയർപോർട്ട് കൗൺസിൽ ഇന്റർനാഷണൽ എന്നിവയുടെ അംഗീകാരമുള്ളതിനാൽ പഠിച്ചിറങ്ങുന്നവർക്ക് ആഗോളതലത്തിൽ തന്നെ വലിയ മുൻഗണന ലഭിക്കും. എയർപോർട്ട് ഓപ്പറേഷൻസ്, ടെർമിനൽ മാനേജ്മെന്റ്, പാസഞ്ചർ ഹാൻഡ്ലിങ്, എയർലൈൻ റിസർവേഷൻ ആൻഡ് ടിക്കറ്റിങ് തുടങ്ങിയ അവസരങ്ങൾക്ക് പുറമേ ലോജിസ്റ്റിക്സ്, ഹോസ്പിറ്റാലിറ്റി രംഗത്തും അനന്തമായ തൊഴിൽ സാധ്യതകളാണ് ഈ കോഴ്സ് നൽകുന്നത്.

സെമസ്റ്ററിന് 75,000 രൂപയാണ് നാല് വർഷത്തെ ബിബിഎ ഓണേഴ്സ് പ്രോഗ്രാമിന്റെ ഫീസ്. താല്പര്യമുള്ള വിദ്യാർഥികൾക്ക് ciasl.helms.in/courses എന്ന ലിങ്ക് വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. കോഴ്സിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് academy.ciasl.aero എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതും 99471 71949, 92491 33006, 94471 71419 എന്നീ ഹെൽപ്പ് ലൈൻ നമ്പറുകളിൽ ബന്ധപ്പെടാവുന്നതുമാണ്.



# കുസാറ്റിൽ 50 കിലോവാട്ട് ഗ്രിഡ്കണക്റ്റഡ് സോളാർ വൈദ്യുത നിലയം ഉദ്ഘാടനം ചെയ്തു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ തൃക്കാക്കര ക്യാമ്പസിലെ അഡ്മിനിസ്ട്രേറ്റീവ് ബിൽഡിങ്ങിന്റെ മുകൾത്തട്ടിൽ സ്ഥാപിച്ച 50 കിലോവാട്ട് ഗ്രിഡ്കണക്റ്റഡ് സോളാർ വൈദ്യുത നിലയത്തിന്റെ ഉദ്ഘാടനം സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. ഡോ. എം ജുനൈദ് ബുഷിരി ഉദ്ഘാടനം ചെയ്തു.

ചടങ്ങിൽ കുസാറ്റ് രജിസ്ട്രാർ പ്രൊഫ. ഡോ. അരുൺ എ. യു, കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡിന്റെ ജനറൽ മാനേജർ സന്തോഷ് ഫിലിപ്പ്, കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റിയുടെ (സിഎസ്ആർ) സീനിയർ മാനേജർ ശശീന്ദ്രൻ, കുസാറ്റ് കൺട്രോളർ ഓഫ് എക്സാമിനേഷൻസ് പ്രൊഫ. ഡോ. എൻ മനോജ്, ഫിനാൻസ് ഓഫീസർ സിഎംഎ ഗിരീഷ് കുമാർ പി.ജി, ഡി.ഡി.യു കൗശൽ കേന്ദ്ര ഡയറക്ടർ ഡോ. എസ്. സന്തോഷ് കുമാർ എന്നിവർ പങ്കെടുത്തു

കുസാറ്റിലെ ഡിഡിയു കൗശൽ കേന്ദ്രമാണ് പദ്ധതി ആവിഷ്കരിക്കുകയും ഏകോപിപ്പിക്കുകയും ചെയ്തത്. സർവകലാശാലയുടെ എൻജിനിയറിംഗ് വിഭാഗം പദ്ധതിയുടെ നിർവഹണം നടത്തി. അങ്കമാലി ആസ്ഥാനമായ കെ.സി. കോപാർ എനർജി സൊല്യൂഷൻസ് ലിമിറ്റഡ് ആണ് സോളാർ വൈദ്യുത നിലയത്തിന്റെ സ്ഥാപനം നിർവഹിച്ചത്. ജിഎസ്ടിയും മറ്റ് നിയമാനുസൃത ചെലവുകളും ഉൾപ്പെടെ പദ്ധതിയുടെ ആകെ ചെലവ് 21.68 ലക്ഷം രൂപയാണ്. പുനരുപയോഗ ഊർജത്തിന്റെ പ്രയോജനപ്പെടുത്തലിനും പരിസ്ഥിതി സൗഹൃദ ക്യാമ്പസ് വികസനത്തിനുമുള്ള സർവകലാശാലയുടെ പ്രതിബദ്ധതയുടെ ഭാഗമായാണ് പദ്ധതി നടപ്പാക്കിയത്.

കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡിന്റെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സിഎസ്ആർ) പദ്ധതിയുടെ സാമ്പത്തിക സഹായത്തോടെയാണ് സോളാർ വൈദ്യുത നിലയം സ്ഥാപിച്ചത്. പ്രതിവർഷം ഏകദേശം 73,000 യൂണിറ്റ് ശുദ്ധ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ശേഷിയുള്ള ഈ നിലയം സർവകലാശാലയുടെ വൈദ്യുതി ചെലവും കാർബൺ പുറന്തള്ളലും കുറയ്ക്കുന്നതിനും ക്യാമ്പസിൽ പുനരുപയോഗ ഊർജത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും സഹായകമാകും.

# നഗരത്തിലെ ഹോട്ടലുകൾ, തട്ടുകടകൾ കേന്ദ്രീകരിച്ച് സംയുക്ത പരിശോധന തുടരുന്നു



**കൊച്ചി:** പകർച്ചവ്യാധികൾ തടയുന്നതിന് ആഹാര പാനീയ ശുചിത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ഹോട്ടലുകൾ, തട്ടുകടകൾ, വഴിയോര ഭക്ഷണശാലകൾ കേന്ദ്രീകരിച്ച് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ഫുഡ് സേഫ്റ്റി, കൊച്ചി നഗരസഭ ആരോഗ്യ വിഭാഗം, പോലീസ് വകുപ്പുകളുമായി സഹകരിച്ച് നടത്തുന്ന സംയുക്ത പരിശോധനയുടെ ഭാഗമായി എറണാകുളം കലൂർ, കടവന്ത്ര പ്രദേശങ്ങളിലെ 8 കടകളിൽ ഇന്ന് , വൈകിട്ട് പരിശോധന നടത്തി. കുടിവെള്ള പരിശോധനാ റിപ്പോർട്ട് ലഭ്യമല്ലാത്ത 6 കടകളിൽ നിന്ന് കുടിവെള്ള സാമ്പിളുകൾ ശേഖരിച്ച് പരിശോധനക്ക് അയച്ചു. ന്യൂനതകൾ കണ്ടെത്തിയ രണ്ടു കടകളിൽ നിന്ന് 6000 രൂപ പിഴ ഈടാക്കി. കുടിവെള്ള പരിശോധന റിസൽട്ട് ലഭ്യമല്ലാതിരിക്കുക, ഹെൽത്ത് കാർഡിന്റെ അഭാവം, പഴയതും ഉപയോഗശൂന്യതയുമായ ആഹാരസാധനങ്ങൾഎന്നിവ കണ്ടെത്തിയ ഒരു കട അടപ്പിക്കുകയും ചെയ്തു. ഭക്ഷണശാലകൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ പോസ്റ്ററുകൾ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ സ്ഥാപനങ്ങളിൽ പ്രദർശിപ്പിച്ചു.

വരും ദിവസങ്ങളിൽ കൂടുതൽ പ്രദേശങ്ങളിൽ പരിശോധനകൾ തുടരുന്നതാണെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ ഷാഹിർഷാ അറിയിച്ചു. പകർച്ച വ്യാധികൾക്ക് ഇടയാക്കുന്ന രീതിയിൽ ആഹാര പദാർത്ഥങ്ങൾ കൈകാര്യം ചെയുന്നവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണെന്നും

ആഹാര പാനീയങ്ങൾ തയ്യാറാക്കുന്നതും കൈകാര്യം ചെയ്യുന്നതുമായ എല്ലാ സ്ഥാപനങ്ങളും മാർഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു

കൊച്ചി നഗരസഭ പ്രദേശത്ത് നടത്തിയ പ്രത്യേക പരി ശോധനയ്ക്ക് ജില്ലാ മെഡിക്കൽ ഓഫീസിലെ ടെക്നിക്കൽ അസിസ്റ്റന്റ്മാരായ സന്തോഷ് കെ റ്റി, ബാബു എം ആർ, കോർപ്പറേഷൻ ഹെൽത്ത് വിഭാഗത്തിലെ ഫുഡ് അനലിസ്റ്റ് ശ്രീല വി ബി, ഹെൽത്ത് ഇൻസ്പെകടർമാരായ ഷൈനി കെ കെ, സംഗീത എം എം, ശ്രീകല, ഫുഡ് സേഫ്റ്റി വിഭാഗത്തിൽ നിന്നും ഫുഡ് സേഫ്റ്റി ഓഫീസർ റാണി ചാക്കോ, എലിസബത്ത് ജെൻസി കൊച്ചി സിറ്റി പോലീസ് വിഭാഗത്തിൽനിന്നുള്ള സിവിൽ പോലീസ് ഓഫീസർമാരായ വിജേഷ് , ഷാജഹാൻ എന്നിവർ പരിശോധനയിൽ പങ്കെടുത്തു.

## എം.ജി സർവകലാശാല

# സപ്ലിമെന്ററി അലോട്ട്മെന്റ് രജിസ്ട്രേഷൻ ജൂലൈ 24 വരെ

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ്/സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ ഏകജാലകം വഴിയുള്ള ബിരുദ പ്രവേശനത്തിന്റെ സപ്ലിമെന്ററി അലോട്മെൻറിന് ഇപ്പോൾ അപേക്ഷിക്കാം. ഇതുവരെ ഓൺലൈൻ രജിസ്ട്രേഷൻ നടത്താൻ സാധിക്കാത്തവർക്കും, പ്രവേശനം ലഭിക്കാത്തവർക്കും, പ്രവേശനം ലഭിച്ചതിനു ശേഷം റിജക്ട് ആയിപ്പൊയവർക്കും, നിശ്ചിത സമയത്ത് പ്രവേശനമെടുക്കാൻ സാധിക്കാഞ്ഞവർക്കും അപേക്ഷിക്കുന്നതിനുള്ള സൗകര്യം ജൂലൈ 24 വരെ ലഭ്യമായിരിക്കുന്നതാണ്. ഓൺലൈൻ അപേക്ഷയിൽ വരുത്തിയ തെറ്റുമൂലം അലോട്മെന്റിനു പരിഗണിക്കപ്പെടാത്തവർക്കും അലോട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേകമായി ഫീസ് ഒടുക്കാതെ തന്നെ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ്സ് വേഡും ഉപയോഗിച്ച് പുതിയ ഓപ്ഷനുകൾ നൽകാവുന്നതാണ്.

മുൻ അലോട്മെന്റുകളിൽ ഓപ്ഷനുകൾ നൽകിയിട്ടുള്ളവ!ർ സപ്ലിമെന്ററി അലോട്മെന്റിൽ പങ്കെടുക്കാനായി പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.

മാനേജ്മെന്റ് ക്വാട്ടക്ക് അപേക്ഷിക്കാനായുള്ള പ്രത്യേക ലിങ്കിലൂടെ മാത്രം ക്യാപ് ഐഡി ഉണ്ടാക്കിയിട്ടുള്ളവർ അതേ ലിങ്കിലൂടെ തന്നെ ലോഗിൻ ചെയ്യേണ്ടതാണ്. ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്ത സീറ്റുകളിലേക്കും പ്രവേശനം നടക്കുന്നുണ്ട്. നിലവിൽ പ്രവേശനമെടുത്തവർക്ക് സപ്ലിമെന്ററി അലോട്മെന്റിൽ പങ്കെടുക്കാനാവില്ല. വിശദവിവരങ്ങൾക്ക് cap.mgu.ac.in/ugpcap2026/.

### സ്പോട്ട് അഡ്മിഷൻ

മഹാത്മാഗാന്ധി സർവകലാശാലാ ക്യാമ്പസിലെ  സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിലെ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. എം.എസ്.സി ഫിസിക്സ്, കെമിസ്ട്രി, മെറ്റീരിയൽ സയൻസ് (സ്പെഷ്യലൈസേഷൻ ഇൻ എനർജി സയൻസ്), എം.ടെക് എനർജി സയൻസ് ആൻഡ് ടെക്നോളജി എന്നീ കോഴ്സുകളിലെ വിവിധ കാറ്റഗറിയിലുള്ള ഒഴിവുകളിലേക്കാണ് പ്രവേശനം.

യോഗ്യരായ ഉദ്യോഗാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം  ജൂലൈ 22 ബുധനാഴ്ച രാവിലെ 10.30 ന് മുൻപായി എം.ജി സർവകലാശാലാ ക്യാമ്പസിലെ

സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ് ഓഫീസിൽ (കൺവെർജൻസ് അക്കാദമിയ കോംപ്ലക്സ്, റൂം നമ്പർ 302) നേരിട്ട് റിപ്പോർട്ട് ചെയ്യേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. ഇമെയിൽ sem@mgu.ac.in,   ഫോൺ 04812733391

പ്രാക്ടിക്കൽ

എട്ടാം സെമസ്റ്റർ ഐഎംസിഎ (2022 അഡ്മിഷൻ റഗുലർ, 2020, 2021  അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ പ്രാക്ടിക്കൽ ഓഗസ്റ്റ് 3 മുതൽ 7 വരെ തീയതികളിലായി നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

രണ്ടാം സെമസ്റ്റർ എംഎ ചെണ്ട (സിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020 മുതൽ 2024 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026 ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 28 ന് തൃപ്പൂണിത്തുറ ആർഎൽവി കോളേജ് ഓഫ് മ്യൂസിക് ആൻറ് ഫൈൻ ആർട്സ് കോളേജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

മൂന്നാം സെസ്റ്റർ എംഎ ഇംഗ്ലിഷ് (2024 അഡ്മിഷൻ പരാജയപെട്ടവർക്കായുള്ള സ്പെഷ്യൽ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 3 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

മൂന്നാം സെമസ്റ്റർ എംഎ എക്കണോമെട്രിക്സ് (2024 അഡ്മിഷൻ തോറ്റവർക്കായുള്ള സ്പെഷ്യൽ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 4 വരെ ഓൺലൈനിൽ  അപേക്ഷിക്കാം.



# എം.ജി. സർവകലാശാലാ ഗവേഷകയ്ക്ക് ദേശീയ ഫെലോഷിപ്പ്

**കോട്ടയം:** മഹാത്മാഗാന്ധി സർവകലാശാലയിലെ ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ബയോമെഡിക്കൽ റിസർച്ച് ആൻഡ് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിലെ പോസ്റ്റ്ഡോക്ടറൽ ഗവേഷക ഡോ. മേധാ സുരേന്ദ്രനാഥിന് കേന്ദ്ര സർക്കാരിന്റെ  അനുസന്ധാൻ നാഷണൽ റിസർച്ച് ഫൗണ്ടേഷൻ നാഷണൽ പോസ്റ്റ്ഡോക്ടറൽ ഫെലോഷിപ്പ് ലഭിച്ചു.

ശാസ്ത്രസാങ്കേതിക മേഖലകളിൽ മികച്ച ഗവേഷണങ്ങൾ നടത്തുന്ന യുവ ഗവേഷകരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചതാണ് ഈ ഫെലോഷിപ്പ്. സെന്ററിലെ സീനിയർ സയന്റിസ്റ്റായ ഡോ. ഗൗതം ചന്ദ്രയുടെ മേൽനോട്ടത്തിലാണ് ഡോ. മേധ ഗവേഷണം നടത്തുന്നത്.

ഈ നേട്ടം സർവകലാശാലയുടെ ഗവേഷണ മികവിന്റെ പ്രതിഫലനമാണെന്ന് വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി . മാവൂതു പറഞ്ഞു. ലോകോത്തര നിലവാരത്തിലുള്ള  ഗവേഷണങ്ങൾക്ക് സർവകലാശാല നൽകുന്ന പിന്തുണയുടെ തെളിവാണ് ഇത്തരം അംഗീകാരങ്ങളെന്നും ഡോ. മേധാ സുരേന്ദ്രനാഥിനെ അഭിനന്ദിച്ചുകൊണ്ട് അദ്ദേഹം കൂട്ടി

# റീജിയണൽ പബ്ലിക്ക് ഹെൽത്ത് ലാബിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ യോഗം ചേർന്നു

**കൊച്ചി:** എറണാകുളത്തെ റീജിയണൽ പബ്ലിക്ക് ഹെൽത്ത് ലാബിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ വിലയിരുത്തുന്നതിനും അടിയന്തര പരിഹാര നടപടികൾ സ്വീകരിക്കുന്നതിനുമായി ടി. ജെ. വിനോദ് എം.എൽ.എയുടെ നേതൃത്വത്തിൽ അവലോകന യോഗം ചേർന്നു.

യോഗത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ഷഹിർഷാ, നാഷണൽ ഹെൽത്ത് മിഷൻ ജില്ലാ പ്രോജക്ട് മാനേജർ ഡോ. ഹനീഷ് മിറാസ്, കോർപ്പറേഷൻ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, കൗൺസിലർ കെ. വി. പി. കൃഷ്ണകുമാർ എന്നിവരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പങ്കെടുത്തു.

ലാബിന്റെ പ്രവർത്തന സമയം, നിലവിലുള്ള ജീവനക്കാരുടെ എണ്ണം, ഉപകരണങ്ങളുടെ നിലവിലെ സ്ഥിതി, ദിനംപ്രതി നടത്തുന്ന പരിശോധനകളുടെ എണ്ണം, ലാബിലെ അടിസ്ഥാന സൗകര്യങ്ങൾ എന്നിവ യോഗത്തിൽ വിശദമായി വിലയിരുത്തി. പൊതുജനങ്ങൾക്ക് കൂടുതൽ കാര്യക്ഷമവും വേഗത്തിലുള്ളതുമായ സേവനം ഉറപ്പാക്കുന്നതിനുള്ള നടപടികളും ചർച്ച ചെയ്തു.

കൂടാതെ, ലാബ് പരിസരത്തെയും സമീപ പ്രദേശങ്ങളെയും ബാധിക്കുന്ന കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും, ലാബിലെ കുടിവെള്ള ടാങ്കിന് ഭീഷണിയായി നിലകൊള്ളുന്ന മരത്തിന്റെ സുരക്ഷാ വിഷയവും യോഗം വിശദമായി ചർച്ച ചെയ്തു. അപകടസാധ്യത ഒഴിവാക്കുന്നതിനും കുടിവെള്ള വിതരണം തടസ്സപ്പെടാതിരിക്കാനും ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനത്തോടെ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ടി. ജെ. വിനോദ് എം.എൽ.എ നിർദേശിച്ചു.

ലാബിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നിലവിലുള്ള പ്രശ്നങ്ങൾക്ക് സമയബന്ധിതമായ പരിഹാരം കണ്ടെത്തുന്നതിനുമായി ലാബ് മാനേജ്മെന്റ് കമ്മിറ്റി അടിയന്തരമായി വിളിച്ചുചേർക്കാൻ യോഗത്തിൽ തീരുമാനമായി.

റീജിയണൽ പബ്ലിക്ക് ഹെൽത്ത് ലാബിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി പൊതുജനങ്ങൾക്ക് മികച്ച സേവനം ഉറപ്പാക്കുന്നതിനുള്ള  തുടർനടപടികൾ സ്വീകരിക്കുമെന്ന് ടി. ജെ. വിനോദ് എം.എൽ.എ അറിയിച്ചു.

# പള്ളിയോടങ്ങളിലെ തുഴച്ചിൽകാർക്ക് ഇൻഷ്വറൻസ്

**ആറന്മുള:** ചരിത്രപ്രസിദ്ധമായ ആറന്മുള വള്ള സദ്യയിലും ഉത്രട്ടാതി ജലമേളയിലും പങ്കെടുക്കുന്ന 52 പള്ളിയോടങ്ങളിലെ 5200 തുഴച്ചിൽകാർക്കും പള്ളിയോട പ്രതിനിധികൾക്കുമുള്ള ഇൻഷ്വറൻസ് പോളിസി പള്ളിയോടസേവാ സംഘത്തിനു വേണ്ടി മന്ത്രി കെ. മുരളീധരൻ യുണൈറ്റഡ് ഇൻഡ്യ മാർക്കറ്റിംഗ് റീജിയണൽ മാനേജർ പ്രതീഷ് തോമസിൽ നിന്ന് ഏറ്റുവാങ്ങി. പള്ളിയോടങ്ങൾ നീറ്റിലിറക്കുന്ന 19 മുതൽ തിരുവോണ സദ്യ , അഷ്ടമിരോഹിണി വള്ള സദ്യ, ഉത്രട്ടാതി ജലമേള തുടങ്ങിയ വിശേഷ ദിവസങ്ങൾ ഉൾപ്പെടെ സെപ്റ്റംബർ 17 വരെ പള്ളിയോടങ്ങളി



ലെ തുഴച്ചിൽ കാർക്കും പള്ളിയോട പ്രതിനിധികൾക്കും ഉണ്ടാകുന്ന അപകടങ്ങൾക്ക് ഇൻഷ്വറൻസ് കവറേജ് ഉണ്ടായിരിക്കും.

പള്ളിയോട സേവാ സംഘം പ്രസിഡൻറ് കെ.വി. സാംബ ദേവൻ, സെക്രട്ടറി പ്രസാദ് ആനന്ദഭവൻ, ആൻറോ ആൻറണി എംപി,പഴകുളം മധു എംഎൽഎ,ഫുഡ് കമ്മിറ്റി കൺവീനർ കൃഷ്ണകുമാർ,യുണൈറ്റഡ് ഇൻഡ്യ റീജനൽ മാനേജർ അഭിലാഷ്, ഷിബി തങ്കം, അസി. റീജിയണൽ മാനേജർ ജയകൃഷ്ണൻ, സീനിയർ മാനേജർ ഭരത്, അമൽ വിനോയി, ഡോ. ബി. സന്തോഷ് തുടങ്ങിയവർ പ്രസംഗിച്ചു.

# മുത്തുകളിൽ നിന്ന് വരുമാനം, കുളത്തിലോ ബക്കറ്റിലോ വളർത്താം

മുത്ത് പതിപ്പിച്ച ആഭരണങ്ങൾ ധരിക്കാൻ ഇഷ്ടമില്ലാത്തവരായി ആരാണുള്ളതല്ലേ. വിപണിയിൽ വലിയ വിലയുള്ള ഈ മുത്തുകൾ കൃഷി ചെയ്ത് ഉത്പാദിപ്പിച്ചാലോ? അതിശയിക്കേണ്ട. വരുമാനം കൊയ്യാൻ കഴിയുന്ന കൃഷിയാണ് മുത്ത് കൃഷി. വീട്ടിലെ ടാങ്കിലോ കുളത്തിലോ സുഗമമായി മുത്ത് കൃഷി നടത്താം. എന്തിനേറെ ബക്കറ്റിൽ പോലും മുത്ത് വളർത്തിയെടുക്കാം.

മനുഷ്യന്റെ ഇടപെടില്ലാതെ കടലിലോ ശുദ്ധജലത്തിലോ മുത്തുചിപ്പികളിൽ സ്വയം രൂപപ്പെടുന്നതാണ് പ്രകൃതിദത്ത മുത്തുകൾ. മണൽത്തരികളോ മറ്റ് വസ്തുക്കളോ ചിപ്പിയുടെ ഉള്ളിൽ കടക്കുമ്പോൾ നെയ്കർ എന്ന പദാർഥം പുറപ്പെടുവിക്കുന്നു. ഇത് കാലക്രമേണ ഉറഞ്ഞാണു മുത്തായി മാറുന്നത്. വളരെ അപൂർവമായാണ് ഇത് സംഭവിക്കുന്നത്. മുത്തിന്റെ തിളക്കവും നിറവും ആകൃതിയും കൂടുതൽ വില നൽകും. ഇങ്ങനെ കടലിനെയും തീരദേശങ്ങളെയും മാത്രം ആശ്രയിച്ചിരുന്ന മുത്തുകൃഷി, ഇന്ത്യയിലെ ഗ്രാമ നഗരങ്ങളിൽ താരമാവുകയാണ്.



ഇന്ത്യയിലെ മികച്ച അക്വാകൾച്ചർ ബിസിനസുകളിലൊന്നാണ് മുത്ത് കൃഷി. ഇന്ത്യയിലും വിദേശത്തും മുത്തിനോടുള്ള പ്രിയമേറുകയാണ്. വെള്ളക്കെട്ടുള്ള ഭൂമിയെ അക്വാകൾച്ചർ സംരംഭങ്ങളാക്കി മാറ്റുകയാണ് കർഷകരും സംരംഭകരും. മുത്തുച്ചിപ്പികളുടെ ഉള്ളിൽ ചെറിയ ന്യൂക്ലിയസ് പ്രത്യേക പ്രക്രിയയിലൂടെ കടത്തിവിടുന്നതാണ് കൃഷിരീതി.

ശുദ്ധജലത്തിലോ കടലിലോ കാണുന്ന ചിപ്പികളെയാണ് കൃഷിക്കായി ഉപയോഗിക്കുന്നത്. ആരോഗ്യമുള്ള ചിപ്പികളെ ശേഖരിച്ച് പുതിയ അന്തരീക്ഷവുമായി പൊരുത്തപ്പെടാൻ 15 ദിവസത്തോളം നെറ്റുകളിലാക്കി വെള്ളത്തിൽ സൂക്ഷിക്കുന്നു. പിന്നീട് ചിപ്പിയുടെ പുറംതോട് തുറന്ന് അതിനുള്ളിലേക്ക് ന്യൂക്ലിയസ് കടത്തി വിടുന്നു. ചെറിയ മുത്തോ മണൽത്തരിയോ ആണ് ഗ്രാഫ്റ്റിംഗ് വഴി കടത്തിവിടുന്നത്. അതിസൂക്ഷ്മമായ ശസ്ത്രക്രിയ കഴിഞ്ഞ ഇവയെ പത്ത് ദിവസം പ്രത്യേകം ആന്റിബയോട്ടിക് അടങ്ങിയ ടാങ്കുകളിൽ നിക്ഷേപിക്കും. ഈ സമയത്ത് ചില ചിപ്പികൾ ചത്തുപോകാൻ സാധ്യതയുണ്ട്. അതിജീവിക്കുന്നവയെ നൈലോൺ വലകളിലാക്കി ശുദ്ധജല കുളങ്ങളിലോ വലിയ ടാങ്കിലോ കെട്ടിത്തൂക്കുന്നു. ഒരു വലയിൽ നാലോ അഞ്ചോ ചിപ്പികൾ വീതമാണ് കെട്ടിത്തൂക്കുന്നത്.

നിയന്ത്രിത സാഹചര്യങ്ങളിൽ ആഹാരവും പോഷകങ്ങളും നൽകും. വൈറ്റമിനുകളും ധാതുക്കളും അടങ്ങിയ ആൽഗകൾ ചിപ്പികൾക്ക് ഉറപ്പാക്കണം. കാലക്രമേണ തോടിനുള്ളിൽ മുത്ത് ഉത്പാദിപ്പിക്കുന്നു. പൂർണ വളർച്ചയെത്താൻ 12 മുതൽ 18 മാസം വരെയെടുക്കും. ആവരണങ്ങൾ രൂപപ്പെടാൻ കാത്തിരുന്നു വിളയിച്ചെടുക്കുന്ന മുത്തിനെ 'കൾച്ചേർഡ് പേൾ' എന്നാണ് വിളിക്കുന്നത്. കുളങ്ങളിലോ ടാങ്കുകളിലോ ബക്കറ്റിലോ മുത്തു വളർത്തുന്ന രീതിയെ റീസർക്കുലേറ്റിങ് അക്വാകൾച്ചർ സിസ്റ്റം എന്ന് വിളിക്കുന്നു. 1,400 മുത്തുകളിൽ നിന്ന് 4 ലക്ഷം രൂപ വരെ സമ്പാദിക്കാൻ കഴിയും. അധിക വരുമാനം നേടുന്നതിനായി ഷെൽ മാലിന്യങ്ങൾ കരകൗശല വസ്തുക്കളാക്കി മാറ്റുകയും ചെയ്യാം.

മാസങ്ങളുടെ കാത്തിരിപ്പിനൊടുവിലാണ് ഓരോ മുത്തും മുത്താകുന്നത്. ആയിരം ചിപ്പികളെ വളർത്താൻ 10x15 അടി വലുപ്പമുള്ള കുളം മതിയാകും. മുത്ത്കൃഷിക്കായി ഉപയോഗിക്കുന്ന വെള്ളം പരിശോധനയ്ക്ക് വിധേയമാക്കണം. അമോണിയ അടങ്ങിയ വെള്ളം ഉപയോഗിക്കരുത്. ദിവസം രണ്ടോ മൂന്നോ മണിക്കൂർ നേരം വാട്ടർ കൂളറുകൾ ഉപയോഗിച്ച് വെള്ളം ശുദ്ധീകരിക്കാം. വെള്ളത്തിന്റെ പിഎച്ച് മൂല്യവും ഓക്സിജനും നിലനിർത്താൻ പ്രത്യേകം ശ്രദ്ധിക്കണം. ഗുണനിലവാരമുള്ള കക്കകളും ചിപ്പികളും തെരഞ്ഞെടുക്കണം. സാധാരണഗതിയിൽ 20 മുതൽ 30 രൂപ നിരക്കിൽ കക്കകളും ചിപ്പികളും ലഭ്യമാണ്.

മുത്ത് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ സർക്കാരുകൾ സബ്സിഡി ഉൾപ്പടെ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രധാൻമന്ത്രി മത്സ്യ സമ്പദ് യോജന വഴി 60 ശതമാനം വരെ സബ്സിഡി ലഭിക്കും. മുത്ത്കൃഷി പ്രോത്സാഹനത്തിനായി ബിഹാർ സർക്കാർ 3.8 കോടി രൂപയാണ് വകയിരുത്തിയത്.

ഒഡിഷയിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫ്രഷ് വാട്ടർ അക്വാകൾച്ചർ, ഇന്ത്യൻ പേൾ ഫാം എന്നിവിടങ്ങളിലും കേരളത്തിലെ കൃഷി വിജ്ഞാന കേന്ദ്രങ്ങളോ കൊച്ചിയിലെ കുഫോസിലും മുത്തു കൃഷി പഠിക്കാം



# കുരുമുളക് കൊടികൾക്ക് മഴക്കാല പരിചരണം

തണൽ കൂടിയാൽ പൊള്ളുവണ്ടിന്റെ ആക്രമണവും കുമിൾ രോഗങ്ങളും കൂടും. തന്മൂലം കായപിടിത്തം കുറയും. അതിനാൽ താങ്ങുമരത്തിന്റെ ചില്ലകൾ മുറിച്ചുമാറ്റി കഴിയുന്നത്ര സൂര്യപ്രകാശം കൊടിയിൽ പതിക്കാൻ സൗകര്യം ചെയ്യണം. ദ്രുതവാട്ടം വന്ന് ഉണങ്ങിയതും കേടുവന്നതുമായ വള്ളികൾ മുറിച്ചുമാറ്റി തീയിട്ടു നശിപ്പിക്കണം. ദ്രുതവാട്ടത്തിനെതിരെ ട്രൈക്കോഡെർമ എന്ന കുമിളിന്റെ കൾചർ ഉപയോഗിക്കുന്നതു ഫലപ്രദമായിരിക്കും.

ഒരു കിലോഗ്രാം ട്രൈക്കോഡെർമ 10 കിലോഗ്രാം വേപ്പിൻപിണ്ണാക്ക്, 90 കിലോഗ്രാം ഉണക്കിപ്പൊടിച്ച ചാണകം എന്നിവ ചേർത്തു നല്ല തണലുള്ളതും വെള്ളം കയറാത്തതുമായ സ്ഥലത്തു കൂട്ടിക്കലർത്തി രണ്ടാഴ്ചയിടുക. ഇടയ്ക്ക് ഇളക്കികൊടുക്കുകയും, ചെറിയ ഈർപ്പം നിലനിർത്താൻ വെള്ളം തളിയ്ക്കുകയും വേണം. ഈ മിശ്രിതം കുരുമുളകു ചെടിയുടെ ചുവട്ടിൽ ചേർത്തുകൊടുത്താൽ വാട്ടരോഗം വരാതിരിക്കാൻ ഒരുപരിധി വരെ സഹായിക്കും. അല്ലെങ്കിൽ സ്യൂഡോമോണാസ് ഒരു കിലോഗ്രാം, 20 കിലോഗ്രാം ചാണകപ്പൊടിയുമായി കൂട്ടിക്കലർത്തി ഇട്ടുകൊടുക്കുന്നതും രോഗം നിയന്ത്രിക്കാൻ സഹായിക്കും.

# തെങ്ങ്, നേന്ത്രൻ, കാച്ചിൽ, ചേന, ചേമ്പ്; കായ്ഫലം കൂടാൻ

ഇനം ഏതുമാകട്ടെ, ലക്ഷണമൊത്ത തൈകൾ നടാനായി തിരഞ്ഞെടുക്കണം. ഒരു വർഷം പ്രായമായ തൈകൾക്ക് കുറഞ്ഞത് 6 ഓലകൾ ഉണ്ടാകണം. തൈയുടെ കനം /കണ്ണാടിക്കനം 1012 സെ. മീ. ഉണ്ടാകണം. ഓലക്കാലുകൾ വിരിഞ്ഞ ഒന്നോ രണ്ടോ ഓലകൾ ഉണ്ടാകണം. പശ്ചിമതീര നെടിയന് WCT പോലെ ഉയരം കൂടിയ ഇനത്തിന്റെ തൈകൾക്ക് ഒരു മീറ്റർ ഉയരം ഉണ്ടാകണം. കുറിയ ഇനമെങ്കിൽ മുക്കാൽ മീറ്റർ ഉയരം വേണം. തെങ്ങുകൾക്ക് നടീലകലം 7.5 മീറ്റർ നൽകിയാൽ ഇടവിളകളും കൃഷി ചെയ്യാം. കട്ടിയുള്ള ചെങ്കൽമണ്ണിൽ ഒന്നേകാൽ മീറ്റർ, ചുവന്ന /കറുത്ത ആഴമുള്ള മണ്ണിൽ ഒരു മീറ്റർ, മണൽ മണ്ണിൽ മുക്കാൽ മീറ്റർ എന്ന ക്രമത്തിൽ ആഴവും വീതിയും നീളവുമുള്ള കുഴികളാണ് തെങ്ങു നടാൻ വേണ്ടത്.

വെള്ളക്കെട്ടുള്ള ഇടങ്ങളിൽ കൂനകൾക്ക് ഒന്നര മീറ്റർ വ്യാസവും ഉയരവും നൽകുക. കുഴിയിൽ മുക്കാൽ ഭാഗം മേൽമണ്ണും ഒരു കിലോ ഡോളമൈറ്റ് /കുമ്മായം കൂട്ടിക്കലർത്തി നിറച്ച് 1015 ദിവസം നനച്ച് മണ്ണിന്റെ അമ്ലത /പുളി കുറയ്ക്കണം. അതിനുശേഷമേ അടിവളങ്ങൾ നൽകാവൂ. 3–4 കിലോ കംപോസ്റ്റ്/ജൈവവളം, ഒരു കിലോ വീതം രാജ്ഫോസ്/എല്ലുപൊടി, വേപ്പിൻപിണ്ണാക്ക് എന്നിവ കുഴിയിലിട്ട് മണ്ണുമായി നന്നായി കൂട്ടിക്കലർത്താം. തുടർന്ന് കുഴിയുടെ നടുവിൽ ഒരു പിള്ളക്കുഴി/ ചെറുകുഴി എടുക്കുക. ആ കുഴിയിൽ ഒരു പിടി കല്ലുപ്പ് ഇടുന്നതു നല്ലതാണ്. ചിതൽ, ചെല്ലി ബാധയ്ക്കെതിരെ പിള്ളക്കുഴിയിൽ 20ഗ്രാം രാസമരുന്നു കൂടി ഇടുക. തുടർന്ന് പിള്ളക്കുഴിയിലേക്കു നടാനുള്ള തൈ ഇറക്കിവച്ച് ചുറ്റും മണ്ണടുപ്പിച്ച് ചെറു തണൽ കൊടുത്തു സംരക്ഷിക്കുക. 3 മാസം കൂടുമ്പോൾ ചെറിയ തോതിൽ ഫാക്ടംഫോസും പൊട്ടാഷും നൽകുക. തൈകൾ വളരെ വേഗം വളർന്നുവരും. കീട, രോഗ ബാധയില്ലാത്ത ഇടത്തരം നടീൽ വസ്തുക്കളാണ് നടാനായി തിരഞ്ഞെടുക്കേണ്ടത്. കൃത്യമായി പരിശോധിച്ച് ഇക്കാര്യം ഉറപ്പു വരുത്തണം. നേന്ത്രവാഴ വിത്തിന്റെ പഴയ വേരും പോളകളും നീക്കം ചെയ്യണം. ചേന, ചേമ്പ്, കാച്ചിൽ എന്നിവയുടെ വിത്തുകൾ കഷണങ്ങൾ /പൂളുകളായി മുറിച്ചെടുക്കണം. ഓരോ കഷണത്തിലും/പൂളിലും ശക്തമായ ഒരു മുകുളം മാത്രം നിർത്തി ബാക്കി മുകുളങ്ങൾ കുത്തിക്കളയണം. ചെറിയ ചേന കിട്ടാൻ ചെറിയ പൂളും വലിയ ചേന കിട്ടാൻ വലിയ പൂളും എന്നാണു കണക്ക്. ആനക്കാച്ചിൽ വിപണിക്ക് അത്ര പ്രിയമില്ല. അതിനാൽ കാച്ചിൽ വാണിജ്യ ക്കൃഷിയായി ചെയ്യുന്നവർ ചെറിയ ഉണ്ടക്കാച്ചിൽ ഇനങ്ങൾതന്നെ ചെയ്യണം. വിത്തുകൾ പച്ചച്ചാണകവും വെണ്ണീറും കുഴമ്പാക്കി അതിൽ മുക്കിയെടുക്കണം.

നേന്ത്രവാഴ വിത്തുകൾ 4 ദിവസം നല്ല വെയിലിലും മൂന്നു ദിവസം തണലിലും ഉണക്കിയെടുക്കണം. രോഗ,കീടബാധകൾ അകറ്റി മുളശേഷി വർധിപ്പിക്കുന്നതിനാണ് വിത്തുണക്കം നടത്തുന്നത്. നടീൽവസ്തുക്കൾ ഒരുക്കുന്നതിനും 10 ദിവസം മുൻപ് അവ നടാനുള്ള കുഴികൾ/ തടങ്ങൾ ഒരുക്കിത്തുടങ്ങണം. നേന്ത്രവാഴയ്ക്ക് സാധാരണ നടീലിന് അര മീറ്റർ ആഴവും വീതിയും നീളവുമുള്ള കുഴികളെടുക്കണം. കുഴിയുടെ മുക്കാൽഭാഗം മേൽമണ്ണും അരക്കിലോ ഡോളോ മൈറ്റ്/കുമ്മായവും കൂടി കലർത്തി നിറച്ച് നനച്ചിടണം. ചേനയ്ക്കും ചേമ്പിനും അര മീറ്റർ വൃത്താകൃതിയിൽ ആഴത്തിൽ കിളച്ച് തടങ്ങളെടുത്ത് അതിൽ ഒരുപിടി കുമ്മായം ഇട്ട് നനച്ച് പത്തു ദിവസം ഇടണം.

കാച്ചിലിന്/കാവത്തിന് 1.5 അടിയെങ്കിലും വ്യാസമുള്ള കുഴികളെടുത്ത് മേൽമണ്ണും 200 ഗ്രാം കുമ്മായ വസ്തുക്കൾ കൂട്ടിക്കലർത്തി നനച്ച് 10 ദിവസം ഇടണം. മണ്ണിന്റെ അമ്ലത/പുളി കുറയ്ക്കുന്നതിനാണ് ഇങ്ങനെ ചെയ്യുന്നത്. അതിനുശേഷം നേന്ത്രവാഴക്കുഴിയിൽ അടിവളമായി നല്ല കംപോസ്റ്റ്/ജൈവവളം 3–4 കിലോയും അര കിലോവീതം രാജ്ഫോസ്/എല്ലുപൊടിയും വേപ്പിൻപിണ്ണാക്കുമിട്ട് മണ്ണുമായി കൂട്ടിക്കലർത്തണം. ചേനയ്ക്കും ചേമ്പിനും കാച്ചിലിനും ഇതേ ക്രമത്തിൽത്തന്നെ അടിവളങ്ങൾ തടത്തിലിട്ടു കൊടുക്കണം. വെയിലിലുണക്കി നീരു വറ്റിച്ച വിത്തുകൾ കുഴികളിൽ/തടത്തിൽ നട്ട് മണ്ണടുപ്പിച്ച് അതിനു മുകളിൽ കനത്തിൽ കരിയില നിരത്തി വീണ്ടും മണ്ണടുപ്പിച്ചാൽ നടീൽ പൂർത്തിയാകും.




## ഡോ. മഞ്ജുവിന് മികച്ച വനിതാസംരംഭക പുരസ്കാരം

**ചെന്നൈ:** വിദ്യാഭ്യാസം, സാഹിത്യം, പ്രസാധനം, വായനാ സംസ്കാരം, യുവജന വികസനം എന്നിവയിൽ നൽകിയ മികച്ച സംഭാവനകൾ പരിഗണിച്ച് ഡോ. മഞ്ജു അദിനിരുവിന് സൗത്ത് ഇന്ത്യ വിമൻ അച്ചീവേഴ്സ് അവാർഡ്സിന്റെ 'മികച്ച വനിതാ സംരംഭക' പുരസ്കാരം ലഭിച്ചു.

അദിനിരു പ്രൈ. ലിമിറ്റഡിന്റെ സ്ഥാപകയും ഡയറക്ടറുമായ മഞ്ജു, വൺസ് അപ്പോൺ എ ടൈം ബുക്ക്ഷോപ്പ്, ലൈബ്രറി, പബ്ലിഷിങ് ഹൗസ് എന്നിവയുടെയും അദിനിരു ഇംഗ്ലീഷ് അക്കാദമിയുടെയും സ്ഥാപകയാണ്.

എഞ്ചിനീയറിങ്ങും ഇംഗ്ലീഷ് ഭാഷാപഠനവും ഉൾപ്പെടെ 100ലധികം അക്കാദമിക് പുസ്തകങ്ങൾ രചിച്ചിട്ടുള്ള ഡോ. മഞ്ജു അദിനിരു, പഠനരീതികളെ ലളിതമാക്കി വിദ്യാർത്ഥികളുടെ അക്കാദമിക വളർച്ചക്ക് സഹായകരമായ പ്രവർത്തനങ്ങളിലൂടെ ശ്രദ്ധ നേടിയിട്ടുണ്ട്.

## ഫ്ലെക്സി ഡ്രീം പ്ലാൻ അവതരിപ്പിച്ചു എഡൽവൈസ് ലൈഫ്

**കൊച്ചി:** മാറുന്ന ജീവിത സാഹചര്യങ്ങൾക്കും സാമ്പത്തിക ലക്ഷ്യങ്ങൾക്കും അനുസരിച്ച് സംരക്ഷണവും സമ്പാദ്യവും ഒരുമിച്ച് നൽകുന്ന 'ഫ്ലെക്സി ഡ്രീം പ്ലാൻ' അവതരിപ്പിച്ചതായി എഡൽവൈസ് ലൈഫ് ഇൻഷുറൻസ് അറിയിച്ചു. കുട്ടികളുടെ വിദ്യാഭ്യാസം, വീട് വാങ്ങൽ, വിരമിക്കൽ, സമ്പത്ത് സൃഷ്ടിക്കൽ തുടങ്ങിയ ദീർഘകാല ലക്ഷ്യങ്ങൾ കൈവരിക്കാൻ സഹായിക്കുന്ന പാർട്ടിസിപ്പേറ്റിംഗ് സേവിംഗ്സ് ലൈഫ് ഇൻഷുറൻസ് പദ്ധതിയാണിത്. മൈൽസ്റ്റോൺ, ലൈവ്‌ലോങ് എന്നീ രണ്ട് ഓപ്ഷനുകളിലൂടെ ഉപഭോക്താക്കളുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നു. വരുമാനം മാറ്റിവയ്ക്കാനും ആവശ്യമായ സമയത്ത് സ്വീകരിക്കാനും സൗകര്യമുണ്ട്. കുടുംബാംഗങ്ങൾക്ക് അധിക പരിരക്ഷ നൽകുന്ന ടുഗെതർ ബെനിഫിറ്റ് പദ്ധതിയുടെ മറ്റൊരു പ്രധാന സവിശേഷതയാണ്.

## കുടുംബശ്രീ കൂട്ട്; വ്യക്തിത്വ വികസന പരിപാടികൾ സംഘടിപ്പിച്ചു

**പത്തനംതിട്ട:** കുടുംബശ്രീ ജില്ലാ മിഷൻ സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്കിന്റെ ആഭിമുഖ്യത്തിൽ കൂട്ട്  മാറ്റത്തിനും മികച്ച നാളേക്കും എന്ന പേരിൽ കൗമാരപ്രായക്കാർക്കായുള്ള സമഗ്ര വ്യക്തിത്വ വികസന ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കും. ഇതിന്റെ ഭാഗമായി കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ കാന്പെയിൻ പോസ്റ്റർ പ്രകാശനം ജില്ലാ കളക്ടർ എ. നിസാമുദീൻ നിർവഹിച്ചു. കുടുംബശ്രീ ജില്ലാമിഷൻ എഡിഎംസി സി.ഡി. ആതിര സ്നേഹിത സ്റ്റാഫുകളായ ട്രീസ എസ്. ജെയിംസ്, വി. സവിത, എസ്. ഗായത്രിദേവി എന്നിവർ പങ്കെടുത്തു. കൗമാരക്കാരുടെ സമഗ്ര വ്യക്തിത്വ വികസനം ലക്ഷ്യമിട്ട് ജില്ലയിലെ എല്ലാ സിഡിഎസുകളിലും ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി മാനസിക ആരോഗ്യം, വൈകാരിക വികാസം, ശാരീരിക വികാസം, ബൗദ്ധിക വികാസം എന്നീ വിഷയങ്ങളിലാണ് 13നും 16 നും ഇടയിൽ പ്രായമുള്ള കുട്ടികൾക്കായി ഏകദിന പരിശീലനം സംഘടിപ്പിക്കുന്നത്.

ആത്മവിശ്വാസം വർധിപ്പിക്കൽ, ആശയവിനിമയശേഷി, ലഹരിവിരുദ്ധ ബോധവത്കരണം, സുരക്ഷിതമായ സാമൂഹിക ഇടപെടലുകൾ, ജീവിതനൈപുണിവികസനം തുടങ്ങിയ വിഷയങ്ങളിൽ ബോധവത്കരണം നൽകും. അവബോധപരിപാടിയിലൂടെ കൗമാരപ്രായക്കാർ നേരിടുന്ന വെല്ലുവിളികളെ ആത്മവിശ്വാസത്തോടെ അതിജീവിക്കാനും ആരോഗ്യകരമായ ജീവിതശൈലി രൂപപ്പെടുത്താനും സഹായിക്കും.കൗമാരക്കാരുടെ ശാരീരികവും മാനസികവും സാമൂഹികവും ആരോഗ്യകരവുമായ വളർച്ച ഉറപ്പുവരുത്തുകയും, ആത്മവിശ്വാസവും ജീവിതമൂല്യങ്ങളും സാമൂഹിക ഉത്തരവാദിത്തബോധവും വളർത്തിയെടുക്കുകയും ചെയ്യുന്ന തരത്തിലാണ് കാന്പെയിൻ രൂപപ്പെടുത്തിയിട്ടുള്ളത്.




# കൊച്ചിയുടെ കുരുമുളക് അവധി വ്യാപാര കേന്ദ്രം സപ്തതി നിറവിൽ

**മട്ടാഞ്ചേരി:** നിർത്തിവച്ച കുരുമുളക് അവധി വ്യാപാരം രാജ്യം പുനരാരംഭിച്ചപ്പോൾ കൊച്ചിയിലെ കുരുമുളക് അവധി വ്യാപാര കേന്ദ്രം വീണ്ടും ശ്രദ്ധേയമാകുന്നു. ലോകത്തെ ആദ്യത്തെ ഉത്പന്ന അവധി വ്യാപാര കേന്ദ്രമായ ഇന്ത്യ പെപ്പർ സ്പൈസസ് ട്രെയ്ഡ് അസോസിയേഷൻ (ഇപ്സ്റ്റ) സപ്തതി നിറവിലാണ്.

കൊച്ചി ജൂത തെരുവിലെ പുരാതന കുരുമുളക് അവധി വ്യാപാര കേന്ദ്രം ചരിത്ര രേഖകളിലൂടെ ലോകശ്രദ്ധയാകർഷിച്ചു കഴിഞ്ഞു. കൊച്ചിയിൽ 1957ൽ തുടങ്ങിയ കുരുമുളക് അവധി വ്യാപാരം സെബി ഇടപെടലിനെ തുടർന്ന് നിർത്തലാക്കിയ 2013 വരെ തുടർന്നിരുന്നു. ഭാരതത്തിലെ ആദ്യ അവധി വ്യാപാര കേന്ദ്രമായ ഇപ്സ്റ്റ 1957 സപ്തംബറിലാണ് പ്രാരംഭം കുറിച്ചത്. 1952ലെ ഫോർവേർഡ് മാർക്കറ്റ് റെഗുലേഷൻ നിയമപ്രകാരം കുരുമുളക് അവധി വ്യാപാരമാണ് ആദ്യം തുടങ്ങിയത്. അംഗങ്ങൾ തങ്ങളുടെ വില്പന വിലകൾ അലറി വിളിച്ചാ(ഔട്ട്ക്രൈ)യിരുന്നു കച്ചവടം നടത്തിയിരുന്നത്. ജൂടൗണിലെ ഇപ്സ്റ്റ ട്രേഡിങ് ഫ്ലോറിലെത്തുന്ന 250ഓളം അംഗങ്ങളുടെ ഇടപാട് രീതി ഇതിലൂടെ ഏറെ ആഗോളശ്രദ്ധ പിടിച്ചുപറ്റി.

പ്രതിദിനം 750 ടൺ കുരുമുളകിന്റെ അവധി വ്യാപാരമാണ് ഇപ്സ്റ്റയിൽ നടന്നിരുന്നതെന്ന് പഴയകാല വ്യാപാരികൾ പറഞ്ഞു. ഭാരതത്തിലെ കുരുമുളക് ഉത്പാദക സംസ്ഥാനങ്ങളായ കേരളം, കർണാടക, തമിഴ്നാട് പ്രതിനിധികൾക്കൊപ്പം ഗുജറാത്ത്, മധ്യപ്രദേശ്, രാജസ്ഥാൻ, മഹാരാഷ്ട്ര പ്രതിനിധികളും അമേരിക്ക, യൂറോപ്പ് ഇടപാട് പ്രതിനിധികളും ഇപ്സ്റ്റയിലെ അവധി വിപണിയിൽ സജീവമായിരുന്നു. 1997ൽ കൊച്ചി സന്ദർശിച്ച എലിസബത്ത് രാജ്ഞി ഇപ്സ്റ്റയുടെ പെപ്പർ എക്സ്ചേഞ്ച് ഇടപാടുകൾ കാണാനായി ഫ്ളോർ സന്ദർശിച്ചതും ലോകശ്രദ്ധ ആകർഷിച്ചു. കൂടാതെ ഒട്ടേറെ അന്താരാഷ്ട്ര പ്രതിനിധികളും ഇപ്സ്റ്റ അവധി വ്യാപാര സംവിധാനത്തെ പ്രശംസിക്കുകയും ചെയ്തിരുന്നു. 2003ൽ ഫോർവേർഡ് കമ്മിഷൻ നിർദേശത്തെ തുടർന്ന് അവധി വ്യാപാരം ഓൺലൈൻ സംവിധാനത്തിലാക്കി. ഇതോടെ പ്രാധാന്യം കുറഞ്ഞതും വ്യാപാര വ്യാപ്തിയും വിവിധ ഘട്ടങ്ങളിലായി അംഗങ്ങളുടെ കൊഴിഞ്ഞുപോക്കിനും വ്യാപാരതോത് കുറയാനുമിടയാക്കി.

99 അംഗങ്ങളുമായി ഇടപാടുകൾ ശൂന്യനിലവാരത്തിലെത്തുകയും ചെയ്തു. ഇതിനിടെ 2012ൽ സെബി അവധി വ്യാപാരം തുടരണമെങ്കിൽ 100 കോടി രൂപയുടെ മൂലധനവും 50 അംഗങ്ങൾ ഒരു വർഷം ഒഴിവില്ലാത്ത വ്യാപാരം നടത്തുക, വീഴ്ച പിഴയായി ആസ്തിയുടെ 25 ശതമാനം ഈടാക്കുക തുടങ്ങി നിയന്ത്രണങ്ങൾ കൂടുതൽ കർശനമാക്കിയതോടെ അവധി വ്യാപാരം തുടരേണ്ടതില്ലെന്ന് ഇപ്സ്റ്റ യോഗം തീരുമാനിച്ചു. ഈ ഘട്ടത്തിൽ അവധി വ്യാപാരത്തിന് 25 അംഗങ്ങൾ മാത്രമാണുണ്ടായത്. ഇതോടെയാണ് ചരിത്ര രേഖകളിലായ പരമ്പരാഗത കുരുമുളക് അവധി വ്യാപാരം നിർത്തലാക്കാൻ ഇപ്സ്റ്റ തീരുമാനിച്ചത്. തുടർന്ന് ലിമിറ്റഡ് കമ്പനി രൂപീകരിച്ച് ഇപ്സ്റ്റ സ്പോട്ട് വ്യാപാരത്തിന് തുടക്കം കുറിക്കാനും തീരുമാനിച്ചു. ആഗോള വിപണികളിൽ ഇന്നും കൊച്ചിയിലെ ഇപ്സ്റ്റയുടെ കുരുമുളക് നിലവാരമാണ് അടിസ്ഥാനമാക്കുന്നത്.

# തീരദേശ വ്യാപാരം ശക്തിപ്പെടുത്താൻ കണ്ടെയ്നർ കപ്പലുമായി ഡിപി വേൾഡ്

**കൊച്ചി:** ഇന്ത്യയിലെ ആഭ്യന്തര തീരദേശ വ്യാപാരത്തെ സഹായിക്കുന്നതിനായി ഡിപി വേൾഡ് ഇൻഡസ്' എന്ന പുതിയ കണ്ടെയ്നർ കപ്പൽ ഡിപി വേൾഡിൻറെ മറൈൻ സർവീസസ് വിഭാഗമായ 'ഷിപ്പിങ് സൊല്യൂഷൻസ് സ്വന്തമാക്കി. 2,500ലധികം ടിഇയു  ശേഷിയുള്ളതാണ് ഈ കപ്പൽ.

ഇന്ത്യയിലെ പ്രധാന തുറമുഖങ്ങൾ തമ്മിലുള്ള ചരക്ക് ഗതാഗതം കൂടുതൽ വിശ്വസനീയവും കാര്യക്ഷമവുമാക്കാൻ ഈ കപ്പലിൻറെ വരവ് സഹായിക്കുമെന്ന് കമ്പനി പുറത്തിറക്കിയ പ്രസ്താവനയിൽ പറയുന്നു. റോഡുകളിലെ ഗതാഗതത്തിരക്ക് കുറയ്ക്കാൻ ഇത് വലിയൊരു പങ്കുവഹിക്കും. നിലവിൽ ഇന്ത്യയിലെ 14 തുറമുഖങ്ങളിലായി 10 കപ്പലുകൾ അടങ്ങുന്ന വലിയൊരു ശൃംഖല തന്നെ ഡിപി വേൾഡിനുണ്ട്. 2025ൽ മാത്രം ഇവരുടെ തീരദേശ ഷിപ്പിങ് പ്രവർത്തനങ്ങളിലൂടെ 4,73,000ലധികം ടിഇയു ചരക്കുകളാണ് കൈകാര്യം ചെയ്തത്.

ഡിപി വേൾഡ് നടത്തുന്ന ജിദ്ദ സൗത്ത് കണ്ടെയ്നർ ടെർമിനലിൽ ഈ കപ്പൽ എത്തിയത് കമ്പനിയുടെ വിപുലീകരണത്തിലെ മറ്റൊരു നാഴികക്കല്ലാണ്. തങ്ങളുടെ തുറമുഖങ്ങളും മറൈൻ സർവീസ് ബിസിനസ്സുകളും തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢമാക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

ഇന്ത്യയുടെ തീരദേശ ഷിപ്പിങ് മേഖലയ്ക്ക് സപ്ലൈ ചെയിൻ കാര്യക്ഷമത മെച്ചപ്പെടുത്താനും സാമ്പത്തിക വളർച്ചയെ പിന്തുണയ്ക്കാനും വലിയ അവസരമുണ്ടെന്ന് ഡിപി വേൾഡ് മറൈൻ സർവീസസ് ആഗോള സിഒഒ ഗണേഷ് രാജ് പറഞ്ഞു. 2025ൽ പുറത്തിറക്കിയ തങ്ങളുടെ റിപ്പോർട്ടിൽ ഈ അവസരങ്ങളെക്കുറിച്ച് വ്യക്തമാക്കിയതാണ്. ഇന്ത്യയുടെ പതാകയേന്തിയുള്ള ഈ കപ്പലിൻറെ വരവ്, ആഭ്യന്തര സമുദ്ര ഗതാഗതം ശക്തിപ്പെടുത്താനും രാജ്യത്തെ വിവിധ വിപണികളെ തമ്മിൽ ബന്ധിപ്പിക്കാനും ഉള്ള തങ്ങളുടെ പ്രതിബദ്ധതയാണ് തെളിയിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കാർബൺ ബഹിർഗമനം കുറയ്ക്കാനും ചരക്ക് നീക്കത്തിന്റെ കാര്യക്ഷമത കൂട്ടാനും തീരദേശ കപ്പൽ ഗതാഗതം ഇന്ന് അത്യന്താപേക്ഷിതമാണ്. ഇന്ത്യയുടെ തുറമുഖ അടിസ്ഥാന സൗകര്യങ്ങളിലും ലോജിസ്റ്റിക്സ് മേഖലയിലും തുടർച്ചയായി നിക്ഷേപം നടത്തുന്നതിലൂടെ രാജ്യത്തിന്റെ വ്യാപാര സൗകര്യങ്ങൾ മെച്ചപ്പെടുത്താനാണ് ഡിപി വേൾഡ് ലക്ഷ്യമിടുന്നത്.

രാജ്യത്തുടനീളം സുസ്ഥിരമായ തീരദേശ ഷിപ്പിംഗ് സേവനങ്ങൾ വികസിപ്പിക്കുന്നതിനായി 2025ൽ, കേന്ദ്ര തുറമുഖ, ഷിപ്പിങ്, ജലപാത മന്ത്രാലയത്തിന് കീഴിലുള്ള സാഗർമാല ഫിനാൻസ് കോർപ്പറേഷനുമായി  ചേർന്ന് ഡിപി വേൾഡ് ഒരു ധാരണാപത്രത്തിൽ ഒപ്പുവച്ചിരുന്നു.







# ബാക്ക് ടു നാട് ഓഫറുമായി കൊച്ചി വണ്ടർലാ കൊച്ചി

**കൊച്ചി:** വിദേശത്തുനിന്ന് ഇന്ത്യയിലേക്ക്, പ്രത്യേകിച്ച് കേരളത്തിലേക്ക് മടങ്ങിയെത്തുന്ന പ്രവാസികൾക്കായി കൊച്ചി വണ്ടർലാ 'ബാക്ക് ടു നാട്' എന്ന പ്രത്യേക ഓഫർ പ്രഖ്യാപിച്ചു. യാത്രികർക്കായി സാധുവായ ബോർഡിംഗ് പാസുമായി എത്തിയാൽ പാർക്ക് ടിക്കറ്റുകളിൽ 30% ഇളവ് ലഭിക്കും. കൂടാതെ സന്ദർശകർക്കായി പ്രത്യേകമായി കേരളാധിഷ്ഠിത അനുഭവങ്ങളും ഒരുക്കിയിട്ടുണ്ട്. പ്രവാസികൾക്ക് കുടുംബസമേതം അവിസ്മരണീയ നിമിഷങ്ങൾ ആഘോഷിക്കുന്നതിനായി അവസരം ഒരുക്കുകയാണ് കൊച്ചി വണ്ടർലാ ചെയ്യുന്നത്.

വിദേശത്തുനിന്ന് ഇന്ത്യയിലേക്ക് യാത്ര ചെയ്തതിന്റെ സാധുവായ ബോർഡിംഗ് പാസ് ഹാജരാക്കുന്ന അതിഥികൾക്ക് പാർക്ക് ടിക്കറ്റുകളിൽ 30% ഇളവ് ലഭിക്കും. ഒരു സാധുവായ ബോർഡിംഗ് പാസ് ഉപയോഗിച്ച് പരമാവധി 20 അതിഥികൾക്ക് ഈ ഓഫർ പ്രകാരം ടിക്കറ്റുകൾ എടുക്കാം.

2026 ജൂലൈ 8 മുതൽ ഓഗസ്റ്റ് 14 വരെ നടത്തുന്ന ബുക്കിംഗുകൾക്ക് ഈ ഓഫർ ലഭിക്കും. ഈ ഓഫർ ഉപയോഗിച്ച് 2026 ജൂലൈ 11 മുതൽ ഓഗസ്റ്റ് 14 വരെ പാർക്ക് സന്ദർശിക്കാം.

കേരളത്തിന്റെ പൈതൃകവും സംസ്കാരവും പ്രതിഫലിപ്പിക്കുന്ന പ്രത്യേക ടച്ച് പോയിന്റുകൾ, പരമ്പരാഗത ഗ്രാമീണ ശൈലിയിലുള്ള ചായക്കട, പാർക്കിന്റെ കഴിഞ്ഞ വർഷങ്ങളിലെ വളർച്ചയും മനോഹരമായ ഓർമകളും ചിത്രീകരിക്കുന്ന ഫോട്ടോ ഇൻസ്റ്റലേഷനുകളും പാർക്കിൽ ഒരുക്കിയിട്ടുണ്ട്. ഓഫറുകളെല്ലാം വണ്ടർലായുടെ ഓൺലൈൻ ബുക്കിംഗ് പോർട്ടലിലൂടെ ലഭ്യമാണെന്ന് കമ്പനി വാർത്താ കുറിപ്പിലൂടെ അറിയിച്ചു.




# ഹഫീസ് കോൺട്രാക്ടർ സ്കൂൾ ഓഫ് ആർക്കിടെക്ചർ ആരംഭിച്ച് എംഐടിഡബ്ല്യുപിയു

**പുനെ:** പ്രശസ്ത വാസ്തുശിൽപിയും പത്മഭൂഷൺ ജേതാവുമായ ഹഫീസ് കോൺട്രാക്ടറുടെ പേരിൽ എംഐടി വേൾഡ് പീസ് യൂണിവേഴ്സിറ്റി ഹഫീസ് കോൺട്രാക്ടർ സ്കൂൾ ഓഫ് ആർക്കിടെക്ചർ ആരംഭിച്ചു. വ്യവസായ ആവശ്യങ്ങൾക്കനുസരിച്ചുള്ള പരിശീലനം, സുസ്ഥിര വാസ്തുശിൽപം, സാങ്കേതിക നവീകരണം, പ്രായോഗിക പഠനം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നതാണ് പുതിയ സ്കൂളെന്ന് സർവകലാശാല അറിയിച്ചു. കൗൺസിൽ ഓഫ് ആർക്കിടെക്ചറിന്റെയും ദേശീയ വിദ്യാഭ്യാസ നയത്തിന്റെയും മാർഗനിർദേശങ്ങൾ പാലിച്ചുള്ള അഞ്ചുവർഷ ബാച്ചിലർ ഓഫ് ആർക്കിടെക്ചർ (ബി.ആർക്.) ആണ് പ്രധാന കോഴ്സ്. ആധുനിക ഡിസൈൻ സ്റ്റുഡിയോകൾ, ബിൽഡിംഗ് ഇൻഫർമേഷൻ മോഡലിങ്, ഡിജിറ്റൽ ഡിസൈൻ സൗകര്യങ്ങൾ, നിർബന്ധിത ഇന്റേൺഷിപ്പുകൾ, വ്യവസായ വിദഗ്ധരുടെ മാർഗനിർദേശം എന്നിവയും കോഴ്സിന്റെ ഭാഗമാകും. ബി.ആർക്ക് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചതായും സർവകലാശാല അറിയിച്ചു.

# നേക സുലൈമാൻ ഹൈലൈറ്റ് ഗ്രൂപ്പ് ഹോസ്പിറ്റാലിറ്റി വിഭാഗം ഡയറക്ടർ



**കോഴിക്കോട്:** റിയൽ എസ്റ്റേറ്റ് ഗ്രൂപ്പായ ഹൈലൈറ്റിന്റെ ഹോസ്പിറ്റാലിറ്റി വിഭാഗം ഡയറക്ടറായി നേക സുലൈമാൻ ചുമതലയേറ്റു. ഹൈലൈറ്റ് ഗ്രൂപ്പ് ചെയർമാൻ പി. സുലൈമാന്റെ മകളാണ് നേക. 2030ഓടെ കേരളത്തിലുടനീളം വിവിധ വിഭാഗങ്ങളിലായി ആയിരം ഹോട്ടൽ മുറികളുള്ള ഹോസ്പിറ്റാലിറ്റി ശൃംഖല സ്ഥാപിക്കുമെന്നും ഹൈലൈറ്റ് ഗ്രൂപ്പ് പ്രഖ്യാപിച്ചു. റീട്ടെയിൽ, റെസിഡൻഷ്യൽ, കൊമേഴ്സ്യൽ മേഖലകളിൽ വലിയ സാന്നിധ്യമുള്ള ഗ്രൂപ്പ്, ഹോസ്പിറ്റാലിറ്റി രംഗത്തും ശക്തമായ ചുവടുവെപ്പിന് ഒരുങ്ങുന്നതിന്റെ ഭാഗമായാണ് പുതിയ നിയമനം.

ലക്ഷ്വറി, അപ്സ്കെയിൽ, മിഡ്സ്കെയിൽ ആഡംബര വിഭാഗങ്ങളിലായി വൈവിധ്യമാർന്ന ഹോട്ടലുകളാണ് ഗ്രൂപ്പ് ലക്ഷ്യമിടുന്നത്. കോഴിക്കോട് ജില്ലയിൽ വളർന്നുകൊണ്ടിരിക്കുന്ന ബിസിനസ്, ടൂറിസം, ആരോഗ്യ, വിദ്യാഭ്യാസ മേഖലകൾ കണക്കിലെടുത്ത് നഗരത്തിന് പ്രത്യേക മുൻഗണന നൽകും. ജില്ലയുടെ വാണിജ്യ, സാംസ്കാരിക, സാമൂഹിക ജീവിതത്തിന്റെ അവിഭാജ്യ ഘടകമായി മാറുന്ന ഹോസ്പിറ്റാലിറ്റി കേന്ദ്രങ്ങൾ ഒരുക്കുകയാണ് തങ്ങളുടെ ലക്ഷ്യമെന്ന് നേക സുലൈമാൻ പറഞ്ഞു. അതിന് ഏറ്റവും അനുയോജ്യമായ സമയമാണിത്. വെറും കണക്കുകൾക്കപ്പുറം, വളരുന്ന ഒരു നഗരത്തിന് ആവശ്യമായ മികച്ച സൗകര്യങ്ങൾ ഒരുക്കാനായിരിക്കും തന്റെ ശ്രമമെന്നും നേക വ്യക്തമാക്കി.

നേകയുടെ ഉത്തരവാദിത്തബോധവും കഴിവും ഗ്രൂപ്പിന് പുതിയ ഊർജ്ജം നൽകുമെന്ന് ഹൈലൈറ്റ് ഗ്രൂപ്പ് ചെയർമാൻ പി. സുലൈമാൻ പറഞ്ഞു. നേകയുടെ പുതിയ കാഴ്ചപ്പാടുകൾ ഹോസ്പിറ്റാലിറ്റി മേഖലയിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരുമെന്ന് പ്രതീക്ഷിക്കുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു.

പഠനകാലത്ത് തന്നെ ഹൈലൈറ്റ് ഗ്രൂപ്പിന്റെ കഫേ ബ്രാൻഡായ 'ഹഗ് എ മഗ്' ന്റെ പ്രവർത്തനങ്ങളിൽ നേക പങ്കാളിയായിരുന്നു. ബിസിനസ് രംഗത്ത് താഴെത്തട്ടിലുള്ള പ്രായോഗിക പരിചയമുണ്ട്. ദ വൈറ്റ് സ്കൂൾ ഇന്റർനാഷണലിൽ നിന്ന് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ നേക, ബി.കോം (ഓണേഴ്സ്) ബിരുദധാരിയാണ്. കൂടാതെ സി.എം.എ കൂടി പൂർത്തിയാക്കിയ നേകയ്ക്ക് ഫിനാൻസ്, മാനേജ്മെന്റ് മേഖലകളിൽ നൈപുണ്യമുണ്ട്.

## ഐഡിബിഐ ബാങ്കിന്റെ അറ്റാദായത്തിൽ 5 ശതമാനം വാർഷിക വളർച്ച

**കൊച്ചി:** നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ ഐഡിബിഐ ബാങ്കിന്റെ അറ്റാദായം 2,115 കോടി രൂപയായി ഉയർന്നു. ഇത് മുൻ സാമ്പത്തിക വർഷത്തെ സമാന പാദത്തെ അപേക്ഷിച്ച് 5 ശതമാനവും, തൊട്ടുമുൻപത്തെ പാദത്തെ അപേക്ഷിച്ച് 9 ശതമാനവും വളർച്ചയാണ് കാണിക്കുന്നത്.

ഈ പാദത്തിൽ പ്രവർത്തന ലാഭം 2,168 കോടി രൂപയായി രേഖപ്പെടുത്തി. അറ്റ പലിശ വരുമാനം 10 ശതമാനം വാർഷിക വളർച്ചയോടെ 3,486 കോടി രൂപയിലെത്തി. ആകെ ബിസിനസ്സ് 15 ശതമാനം വാർഷിക വളർച്ച കൈവരിച്ച് 5,84,725 കോടി രൂപയായി. ആകെ നിക്ഷേപം 10 ശതമാനം വർധിച്ച് 3,25,757 കോടി രൂപയായി. അറ്റ വായ്പകൾ 22 ശതമാനം വാർഷിക വളർച്ചയോടെ 2,58,968 കോടി രൂപയിലെത്തി. കാസ നിക്ഷേപങ്ങൾ 7 ശതമാനം വാർഷിക വളർച്ചയോടെ 1,42,162 കോടി രൂപയായി. കാസ അനുപാതം 43.64 ശതമാനമാണ്.

ബാങ്കിന്റെ ആകെ കിട്ടാക്കടം 2.30 ശതമാനമായി കുറഞ്ഞു. അറ്റ കിട്ടാക്കടം വെറും 0.16 ശതമാനമായി താഴ്ന്നു. ബാങ്കിന്റെ പ്രൊവിഷൻ കവറേജ് അനുപാതം 99.31 ശതമാനമാണ്. 2023 സെപ്റ്റംബർ മുതൽ ഇത് തുടർച്ചയായി 99 ശതമാനത്തിന് മുകളിലാണെന്നത് ശ്രദ്ധേയമാണ്.

ആസ്തിയിന്മേലുള്ള ആദായം 1.89 ശതമാനമായി ആയി രേഖപ്പെടുത്തി ഇത് ത്രൈമാസാടിസ്ഥാനത്തിൽ 14 ബേസിസ് പോയിന്റ് വളർച്ചയാണ്. നിക്ഷേപച്ചെലവ് 4.59 ശതമാനമായും, ഫണ്ട് ചെലവ് 4.68 ശതമാനമായും കുറഞ്ഞു. അറ്റ പലിശ മാർജിൻ 3.61 ശതമാനമാണ്

മൂലധന പര്യാപ്തതാ അനുപാതം 26.92 ശതമാനമായും, അടിസ്ഥാന മൂലധനം 26.38 ശതമാനമായും മെച്ചപ്പെട്ടു. വായ്പാ നിക്ഷേപ അനുപാതം 79.50 ശതമാനമായി രേഖപ്പെടുത്തി. മൊത്തം വായ്പകളിൽ കോർപ്പറേറ്റ്, റീട്ടെയിൽ വായ്പകളുടെ അനുപാതം 30:70 ആണ്.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com